# ദൈവമായ കർത്താവും അല്ലാഹുവും

## ആമുഖം

ലോകമെമ്പാടുമുള്ള മുസ്ലിംങ്ങളും അറബി ക്രിസ്ത്യാനികളും പ്രപഞ്ചസൃഷ്ടാവിനെ “അല്ലാഹു” എന്നാണ് സംബോധന ചെയ്യുന്നത്. അറബി പഴയനിയമത്തിലും പുതിയനിയമത്തിലും ഖുറാനിലും സൃഷ്ടാവിനെ “അല്ലാഹു” എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജാതി, മത, ഭാഷ വ്യത്യാസം കൂടാതെ എല്ലാ മനുഷ്യരും ജീവിക്കുന്ന ഈ ഭൂമിയും അതുൾപ്പെടുന്ന പ്രപഞ്ചത്തെയും സൃഷ്ടിച്ചവൻ ഒരുവൻ മാത്രം ആണെന്നതിൽ ആർക്കും സംശയമില്ല. അതുകൊണ്ട് ക്രിസ്ത്യാനികളും മുസ്ലിംങ്ങളും ആരാധിക്കുന്നത് ഒരേ ദൈവത്തെയാണെന്ന് പറയുന്നത് തികച്ചും യുക്തിപരമാണ്. എന്നാൽ ബൈബിളിലും ഖുറാനിലും ദൈവത്തെക്കുറിച്ച് വേറെയും സമാനതകൾ ഉണ്ട്. അവയിലും ക്രിസ്ത്യാനി കൾക്കും മുസ്ലിംങ്ങൾക്കും തമ്മിൽ ആശയസമന്വയം ഉണ്ടാകേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ രണ്ടു മതത്തിൽപ്പെട്ടവരും ഒരേ ദൈവത്തെയാണ് ആരാധിക്കുന്നത് എന്നു പറയുവാൻ സാധിക്കൂ.

ദൈവമായ കർത്താവ് ആദിയും അന്തവുമാണെന്ന് ഏശയ്യാ 48:12-ലും യേശുക്രിസ്തു ആദിയും അന്തവുമാണെന്ന് വെളിപാട് 22:13-ലും അല്ലാഹു ആദിയും അന്തവുമാണെന്ന് ഖുർആൻ 57:3-ലും രേഖപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് ഇസ്രായേലിന്റെ ദൈവമായ കർത്താവും യേശുക്രിസ്തുവും അല്ലാഹുവും ഒരേ ആൾതന്നെയെന്ന് സമ്മതിക്കുവാൻ ഏതെങ്കിലും മുസ്ലിംമിന് സാധിക്കുമോ?

ഖുറാനിൽ അല്ലാഹുവിന് 99 പേരുകളുണ്ട്. അതിൽ ഓരോ പേരിന്റെയും അർത്ഥം അല്ലാഹുവെന്നാണ്. ഈ പേരുകൾ മറ്റാര്ക്കുംവേണ്ടി ഉപയോഗിക്കുവാൻ പാടില്ലാത്തതുമാകുന്നു. എന്നാൽ ഖുർആൻ ഇറക്കപ്പെട്ടതിന് ആറു നൂറ്റാണ്ടുകൾക്ക് മുൻപ് പുതിയനിയമത്തിൽ ഈ പേരുകളിൽ ചിലത് യേശുക്രിസ്തുവിനെപ്പറ്റി ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആ പേരുകളും അവ രേഖപ്പെടുത്തിയിരിക്കുന്ന ബൈബിൾ വചനങ്ങളും താഴെ കൊടുക്കുന്നു:-

### الملك Al-Malik The King, The Sovereign Q.59:23,20:114, 23:116

“ഇവർ കുഞ്ഞാടിനോടു യുദ്ധം ചെയ്യും. കുഞ്ഞാട് അവരെ കീഴ്പ്പെടുത്തും. എന്തെന്നാൽ, അവൻ നാഥന്മാരുടെ നാഥനും രാജാക്കന്മാരുടെ രാജവുമാണ് (വെളിപാട് 17:14).

### السلام As-Salām The Peace, Q.59:23

“ഞാൻ നിങ്ങൾക്കു സമാധാനം തന്നിട്ടുപോകുന്നു. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നൽകുന്നു. ലോകം നൽകുന്നതുപോലെയല്ല ഞാൻ നൽകുന്നത്. നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. നിങ്ങൾ ഭയപ്പെടുകയും വേണ്ടാ” (യോഹന്നാൻ 14:27).

### الباعث Al-Bā'ith The Resurrector Q.22:7

"യേശു അവളോടു പറഞ്ഞു: ഞാനാണ് പുനരുദ്ധാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും"(യോഹന്നാൻ 11:25).

### الحق Al-Ḥaqq The Truth Q.6:62,22:6,23:116,24:25

"യേശു പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല" (യോഹന്നാൻ 14:6).

### النور An-Nūr The Light Q.24:35

"യേശു വീണ്ടും അവരോടു പറഞ്ഞു: ഞാൻ ലോകത്തിന്റെ പ്രകാശനമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടയിരിക്കും" (യോഹന്നാൻ 8:12).

### الهادي Al-Hādī The Guide, The Way Q.22:54

"ഞാനാണ് വാതിൽ; എന്നിലൂടെ പ്രവേശിക്കുന്നവൻ രക്ഷപ്രാപിക്കും. അവൻ അകത്തു വരുകയും പുറത്തു പോവുകയും മേച്ചിൽസ്ഥലം കണ്ടെത്തുകയും ചെയ്യും" (യോഹന്നാൻ 10:9).

### الأول Al-'Awwal The First, The Beginning-less Q.57:3

### الأخر Al-'Akhir The Last, The Endless Q.57:3

"ഞാൻ ആൽഫയും ഒമേഗയുമാണ്- ഒന്നാമനും ഒടുവിലത്തവനും - ആദിയും അന്തവും" (വെളിപാട് 22:13).

### الوارث Al-Wārith The Heir, The Inheritor of All 15:23,57:10

"യേശു അവരെ സമീപിച്ച്, അരുളിചെയ്തു: സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. 19 ആകയാൽ, നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. 20 പിതാവിന്റെയും പുത്രന്റെയും പരിശുധാത്മവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കൽപിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്തായി 28:18-20).

ഖുർആന്റെ നിലപാടനുസരിച്ച് മുകളിൽ കൊടുത്തിരിക്കുന്ന ബൈബിൾ വാക്യങ്ങൾ യേശുക്രിസ്തു ദൈവമാണെന്ന് സംശയാതീതമായി തെളിയിക്കുന്നു. എന്നാൽ ഇത് അംഗീകരിക്കുവാൻ മുസ്ലിംങ്ങൾ തയ്യാറാകുമോ? മറിച്ച് യേശുക്രിസ്തു സാധാരണ മനുഷ്യനാണെന്ന് തെളിയിക്കാൻ എന്തെങ്കിലും തെളിവ് ഇസ്ലാമിക ഗ്രന്ഥങ്ങളിൽ ഉണ്ടോ? ഇല്ലായെങ്കിൽ ബൈബിൾ അവതരിപ്പിക്കുന്ന ദൈവമായ കർത്താവും

ഖുർആൻ അവതരിപ്പിക്കുന്ന അല്ലാഹുവും തമ്മിൽ കൂടുതൽ താരതമ്മ്യപഠനം ആവശ്യമായിരിക്കുന്നു.

## ദൈവമായ കർത്താവ് : ബൈബിളിൽ

പഴയനിയമത്തിൽ ജോഷ്വ 22:22-ൽ നിന്നുമാണ് അറബി ബൈബിളിൽ കാണുന്ന **"അൽ ഇലാഹ്"** എന്ന പദം രൂപപ്പെട്ടത്. "സർവശക്തനായ ദൈവമാണ് കർത്താവ്" (ജോഷ്വ 22:22) എന്ന് ഒരു വാക്യമായിട്ടാണ് മലയാളം ബൈബിളിൽ ഈ വാക്യം കാണുന്നത്. എന്നാൽ ഹീബ്രു മൂലത്തിൽ "ഏൽ, എലോഹിം, യാ ഹ് വെ" **( אֵ֣ל ׀ אֱלֹהִ֣ים ׀ יְהוָ֗ה)** എന്ന് മൂന്നു പദങ്ങളാണുള്ളത്. ഇതിൽ "ഏൽ" "എലോഹിം" എന്ന പദങ്ങൾക്ക് ദൈവം എന്നാണ് അർത്ഥം. അതുകൊണ്ട് ഈ പദങ്ങൾ മറ്റുഭാഷകളിലേയ്ക്ക് പരിഭാഷപ്പെടുത്തുന്നതിൽ അപാകതകൾ ഒന്നുമില്ല. എന്നാൽ മൂന്നാമത്തെ പദമായ "യാ ഹ് വെ" ദൈവം മോശക്ക് വെളിപ്പെടുത്തിയ (പുറപ്പാട് 3:1-15) തന്റെ പേരാണ്. അതുകൊണ്ട് ഈ പദം പരിഭാഷപ്പെടുത്താവുന്നതല്ല.

ഹീബ്രു ബൈബിളിൽ കൊടുത്തിരിക്കുന്ന "എലോഹിം" **(אֱלֹהִים)** എന്ന പദം ബഹുവചനം ആണ്. എന്നാൽ ഏകവചനമായിട്ടാണ് ഉപയോഗിക്കുന്നത്. ആ വാക്കിന്റെ അർത്ഥം "സർവ്വശക്തൻ" (ദൈവം) എന്നാണ്. ഈ പദത്തിന്റെ ഏകവചനം "എലൊഹ്" **(אֱלֹהַּ)** എന്നും അതിന്റെ അർത്ഥം "ശക്തൻ" എന്നുമാണ്. അതുപോലെ "ഏൽ" **(אֵל)** എന്ന പദത്തിന്റെ അർത്ഥം "ദൈവം" എന്നുമാണ്. ഈ രണ്ടു ഹീബ്രു പദങ്ങളും അറബിയിലേയ്ക്ക് ലിപ്യന്തരം (Transliterate) അവയുടെ സ്വരമാത്രകളിൽ ചില വ്യത്യാസം ഉണ്ടായി. കാരണം അറബിയിൽ "എ,ഏ" എന്നീ സ്വരങ്ങൾ ഇല്ല. അങ്ങനെ "എലൊഹ്" **(אֱלֹהַּ)** എന്ന ഹീബ്രു പദം അറബിയിൽ "ഇലാഹ്" **(إله)** ആയി. "ഇലാഹ്" (إله) എന്ന അറബിവാക്കിന്റെ അർത്ഥം "ദൈവം" എന്നാണ്. അതുപോലെ "ഏൽ" **(אֵל)** എന്ന ഹീബ്രു പദം അറബിയിൽ "അൽ" **(ال)** ആയി മാറി. "അൽ" (ال) എന്ന പദം **"The"** എന്ന അർത്ഥത്തിൽ **definite article** ആയി അറബി നാമങ്ങൾക്ക് മുൻപ് ചേർക്കുന്നു. **"അൽ"** (ال) -ഉം **"ഇലാഹ്"** (إله) -ഉം ഒരുമിച്ചു ചേർത്ത് **The (ال) + god (إله) = God (الإله)** എന്ന അർത്ഥത്തിൽ **"അൽ ഇലാഹ്"** എന്ന അറബി പദം രൂപപ്പെട്ടു. ബൈബിളിൽ സൃഷ്ടാവിനെ സംബോധന ചെയ്യുവാൻ കൂടുതലും ഉപയോഗിയ്ക്കുന്ന അറബി പദം ഇതാണ്.

അറേബ്യയിലേക്ക് യഹൂദർ കുടിയേറിയത് AD രണ്ടാം നൂറ്റാണ്ടിലും ക്രിസ്ത്യാനികൾ കുടിയേറിയത് AD നാലാം നൂറ്റാണ്ടിലുമാണെന്ന് കരുതപ്പെടുന്നു. ആ കാലത്തിനു മുൻപേ അറേബ്യയിൽ **"അല്ലാഹു" (ﷲ)** എന്ന പദം **"ദൈവം"** എന്ന അർത്ഥത്തിൽ എല്ലാ മതത്തിലും ഗോത്രത്തിലും ഉള്ളവർ ഉപയോഗിച്ചു പോന്നു. ഈ പദത്തിന്റെ ഉത്ഭവം ഒരു ഈജിപ്ഷൻ വിഗ്രഹത്തിൽ നിന്നുമാണെന്ന് അനുമാനിക്കാം. പുരാതന ഈജിപ്ത്തിന്റെ **Middle Kingdom (1975-1640 BC)** കാലഘട്ടത്തിൽ **Lah** എന്ന ഒരു വിഗ്രഹത്തെ ചിലർ ആരാധിച്ചിരുന്നു. ഈ പേരിന്റെ അർത്ഥം **"ചന്ദ്രൻ" (Moon)** എന്നാണ്. ഈ വിഭാഗത്തിൽപ്പെട്ടവർ അയൽ രാജ്യമായ

അറേബ്യയിലേക്ക് കൂടിയേറുകയും അവരുടെ ആരാധനമൂർത്തിയായ **Lah** വിനോട് **Al** ചേർത്ത് **Al + Lah = Allah ( الله = لاه + ال)** പദത്തിന് കൊടുത്തുമെന്ന് അനുമാനിക്കാം. ക്രമേണ ഈ പദം ദൈവം എന്ന അർത്ഥത്തിൽ അറബി ഭാഷയുടെ ഭാഗമായി. ഈ പശ്ചാത്തലത്തിൽ അറബികൾക്കുവേണ്ടി പഴയ നിയമം ഹീബ്രുവിൽ നിന്നും പുതിയ നിയമം ഗ്രീക്കിൽ നിന്നും പരിഭാഷപ്പെടുത്തിയപ്പോൾ അവർക്ക് സുപരിചിതമായ **"അല്ലാഹു"** എന്ന പദം അറബി പരിഭാഷയിൽ ഇടം പിടിച്ചു. ഹീബ്രു ബൈബിളിൽ **"എലോഹിം" (אֱלֹהִים)** എന്നു മാത്രം കൊടുത്തിരിക്കുന്നിടത്താണ് **"അല്ലാഹു"** വിവർത്തനം കാണുന്നത്. അത് കൂടുതലും ഉത്പത്തി ഒന്നാം അദ്ധ്യായത്തിലാണ്. അറബി നാടുകളിലെ ക്രിസ്തീയ സഭകൾ ഉപയോഗിയ്ക്കുന്ന പരിഭാഷ **Van Dyck** ആണ്. ഇതിനെ **Kitab al Hayat** എന്നും പറയും. (See:CopticChurch.Net)

അറബി ബൈബിളിൽ "അല്ലാഹു" എന്നു കൊടുത്തിരിക്കുന്ന പദം അരമായ ഭാഷയിൽ **"അലാഹ" (אלה)** എന്നും ഹീബ്രുവിൽ **"എലോഹിം" (אֱלֹהִים)** എന്നും ഗ്രീക്കിൽ **"തെയോസ്" (θεος)** എന്നും ലത്തീനിൽ **"ദേവൂസ്" (Deus)** എന്നും അതതു ഭാഷകളിൽ ഉള്ള ബൈബിളുകളിൽ കാണാവുന്നതാണ്. "അല്ലാഹു" എന്ന അറബി പദം ഏതു മതത്തിൽപ്പെട്ടവർക്കും ഉപയോഗിക്കുവാൻ സാധിക്കും. കാരണം, അത് അറബി ഭാഷയുടെ ഭാഗമാണ്. എന്നാൽ ഇന്ന് ഈ പദം ഏറ്റവും അധികം ഉപയോഗിയ്ക്കുന്ന മതവിഭാഗം ഇസ്ലാമാണ്. അതു കഴിഞ്ഞാൽ അറബി ക്രിസ്ത്യാനികളും.

## അല്ലാഹു: ഖുർആനിൽ

ഇസ്ലാം മതസ്ഥാപകനായ മുഹമ്മദിന് മുൻപ് മെക്കയിലെ "കഅബ" ഒരു വിജാതിയ ക്ഷേത്രമായിരുന്നു. അതിൽ 360-ഓളം ദേവീദേവന്മാരുടെ വിഗ്രഹങ്ങൾ ഉണ്ടായിരുന്നു. അറേബ്യയിൽ വസിച്ചിരുന്ന വിവിധ ഗോത്രങ്ങളുടെ ആരാധനാമൂർത്തികൾ ആയിരുന്നു ഈവിഗ്രഹങ്ങൾ. ഓരോ ഗോത്രങ്ങളും അവരവരുടെ വാർഷിക ഉത്സവത്തിന് അവരുടെ ആരാധനാമൂർത്തിയെ സ്ഥാപിച്ചിരിക്കുന്ന കഅബയിലേക്ക് വന്നിരുന്നു. അങ്ങനെ വർഷത്തിൽ എല്ലാദിവസവും കഅബയിൽ ഉത്സവം നടന്നിരുന്നു. ഈ ഉത്സവത്തിനു വരുന്നവരുടെ താമസം, ഭക്ഷണം, വാണിഭം ഇവ മെക്കാ നിവാസികളുടെ മുഖ്യ വരുമാനമാർഗ്ഗമായിരുന്നു. ക്ഷേത്രത്തിന്റെ മേൽനോട്ടം വഹിച്ചിരുന്നതും കുടിവെള്ളം വിതരണം ചെയ്തിരുന്നതും മുഹമ്മദിന്റെ ഗോത്രമായ ഖുറേഷികൾ ആയിരുന്നു (The life of Muhammad, A translation of IBN ISHAQ'S Sirat Rasul Allah By A Guillaume. No.91, Page 61). മുഹമ്മദിന് വളരെ മുൻപ് ദമാസ്കസിൽ നിന്നും കാബ സന്ദർശിക്കുവാൻ വന്ന ഖുജാ ഗോത്രത്തിന്റെ (Khuzaa Tribe) തലവൻ Amir ibn Luhayy ഒരു ബാൽ ദേവന്റെ വിഗ്രഹം കഅബയിൽ സ്ഥാപിച്ചു. ഹീബ്രുവിൽ **"ഹബാൽ" (הבעל)** എന്ന് വിളിക്കപ്പെട്ടിരുന്ന ഈ ദേവൻ അറബിയിൽ **"ഹുബൽ" (هُبَل)** എന്നു വിളിക്കപ്പെട്ടു. ക്രമേണ ഹുബൽ, കഅബ ക്ഷേത്രത്തിന്റെ മേൽനോട്ടം വഹിച്ചിരുന്ന ഖുറേഷി ഗോത്രത്തിന്റെ (മുഹമ്മദിന്റെ ഗോത്രം) കുലദൈവമായി മാറി (The life of Muhammad, No.54, Page 37). മുഹമ്മദിന്റെ പിതാവിന്റെ പിതാവായ അബ്ദുൽ മുത്തലിബ് ഹുബലിന്റെ മുൻപിൽ

പോയി അല്ലാഹുവിനോടു പ്രാർത്ഥിക്കുന്നതായി മുഹമ്മദിന്റെ ജീവചരിത്രത്തിൽ (The life of Muhammad No.99, Page 67) രേഖപ്പെടുത്തിയിട്ടുണ്ട്. മുഹമ്മദിന്റെ ജനനത്തിനു മുൻപേ പിതാവ് മരിച്ചിരുന്നു. അതുകൊണ്ട് മുഹമ്മദ് ജനിച്ചപ്പോൾ അബ്ദുൽ മുത്തലിബ് പേരക്കുട്ടിയെ ഹുബാലിന്റെ മുൻപിൽ കൊണ്ടുപോയി അല്ലാഹുവിന് സമർപ്പിക്കുന്നുണ്ട് (The life of Muhammad No.103, Page 70). ഹുബൽ വിഗ്രഹത്തിന്റെ തലയിൽ ചന്ദ്രക്കലയും നക്ഷത്രവും ഉണ്ടായിരുന്നു. ആ ചന്ദ്രക്കലയും നക്ഷത്രവുമാണ് മുസ്ലിംങ്ങളുടെ സ്ഥാപനത്തിന്റെയും പുസ്തകങ്ങളുടെയും കൊടികളുടെയും മുകളിൽ പതിച്ചിരിക്കുന്നത്. കൂടാതെ മുസ്ലിങ്ങൾ നോയ്മ്പ് ആരഭിക്കുന്നതും അവസാനിപ്പിക്കുന്നതും ചന്ദ്രനെ കണ്ടിട്ടാണ്. ഇസ്ലാം വന്നതിനുശേഷവും മുസ്ലിങ്ങൾക്ക് ഹുബൽ ദേവനുമായുള്ള ബന്ധം നിലനിൽക്കുന്നു എന്ന് സാരം.

അല്ലാഹു എന്നതു മുസ്ലിംങ്ങളുടെ ദൈവത്തിന്റെ പേരാണെന്ന് ഖുർആൻ സൂറ 17:110-ൽ വ്യക്തമാകുന്നു:-

**قُلِ ادْعُوا اللَّهَ أَوِ ادْعُوا الرَّحْمَٰنَ ۖ أَيًّا مَّا تَدْعُوا فَلَهُ الْأَسْمَاءُ الْحُسْنَىٰ ۚ وَلَا تَجْهَرْ بِصَلَاتِكَ وَلَا تُخَافِتْ بِهَا وَابْتَغِ بَيْنَ ذَٰلِكَ سَبِيلًا**

(നബിയേ,) പറയുക: നിങ്ങൾ അല്ലാഹു എന്നു വിളിച്ചുകൊള്ളുക. അല്ലെങ്കിൽ റഹ്മാൻ എന്ന് വിളിച്ചുകൊള്ളുക. ഏതു തന്നെ നിങ്ങൾ വിളിക്കുകയാണെങ്കിലും അവനുള്ളതാകുന്നു ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ. നിന്റെ പ്രാർത്ഥന നീ ഉച്ചത്തിലാക്കരുത്. അത് പതുക്കയുമാക്കരുത്. അതിനിടയിലുള്ള ഒരു മാർഗം നീ തേടിക്കൊള്ളുക (സൂറ 17:110).

ഇസ്ലാമിക വിശ്വാസപ്രമാണം (സഹാദ) അതിന്റെ പൂർണ്ണരൂപത്തിൽ ഖുർആനിൽ ഇല്ല. അത് "സഹിഹ് അൽ ബുഖാരി, പുസ്തകം 2, ഹദീസ് 8"-ൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:-

**لاَ إِلَهَ إِلاَّ اللَّهُ وَأَنَّ مُحَمَّدًا رَسُولُ اللَّهِ "അല്ലാഹു അല്ലാതെ ഒരു ദൈവും ഇല്ല അതുപോലെ മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണ്".** ഇതിൽ അല്ലാഹു എന്ന പദം ദൈവം എന്നു പരിഭാഷപ്പെടുത്തിയാൽ **"ദൈവം അല്ലാതെ ഒരു ദൈവവും ഇല്ല"** എന്നുവരും. അതിൽനിന്നും അല്ലാഹു എന്നത് മുസ്ലിംങ്ങളുടെ ആരാധനാമൂർത്തിയുടെ പേരാണ് എന്നു വ്യക്തം. ഖുറേഷികൾ അല്ലാഹു എന്ന പദം ഉപയോഗിച്ച അതേ അർത്ഥത്തിലാണ് മുസ്ലിംങ്ങളും അല്ലാഹു എന്ന പദം ഉപയോഗിക്കുന്നത്. **"അതുപോലെ" (وَأَنَّ)** എന്ന വാക്കുകൾ മുഹമ്മദിനെ അല്ലാഹുവിന് തുല്യനാക്കുന്നു എന്നും വ്യക്തമാണ്. ഇപ്പോൾ മുസ്ലിങ്ങൾ "സഹാദ" ഓതുമ്പോൾ **(وَأَنَّ)** ചൊല്ലറില്ല. അതിന്റെ അർത്ഥം ഇപ്പോൾ മുസ്ലിങ്ങൾ ചൊല്ലുന്ന "സഹാദ" മൂലരൂപത്തിൽനിന്നും വ്യത്യസ്തമാണ് എന്നുതന്നെ. **(وَأَنَّ)** ചൊല്ലിയാൽ അത് മുഹമ്മദിന്റെ പേരിൽ ദൈവദൂഷണം ആരോപിക്കപ്പെടുവാൻ കാരണമാകുവെന്ന് മുസ്ലിം പണ്ഡിതന്മാർക്ക് നന്നായി അറിയാം.

ബൈബിളും ഖുർആനും വളരെ വ്യത്യസ്തമായ അർത്ഥത്തിലാണ് "അല്ലാഹു" എന്ന പദം ഉപയോഗിക്കുന്നതെന്ന് മുകളിൽ കൊടുത്തിരിക്കുന്ന വസ്തുതകൾ വ്യക്തമാക്കുന്നു. അതുകൊണ്ട് ക്രിസ്ത്യാനികളും മുസ്ലിംങ്ങളും "അല്ലാഹു" എന്ന പദം ഉപയോഗിക്കുന്നതു കൊണ്ട് ഇരുകൂട്ടരും ഒരേ ദൈവത്തെയാണ് ആരാധിക്കുന്നത് എന്നു പറയുവാൻ സാധിക്കില്ല.

## അല്ലാഹുവിന്റെ സ്വഭാവസവിശേഷതകൾ

ബൈബിളും ഖുർആനും അല്ലാഹുവിനെ വ്യത്യസ്ത അർത്ഥത്തിൽ ആണ് അവതരിപ്പിക്കുന്നത്. അതുകൊണ്ട് രണ്ടു ഗ്രന്ഥങ്ങളും അവതരിപ്പിക്കുന്നത് ഒരു ദൈവത്തെയാണോ എന്ന് മനസ്സിലാക്കുവാൻ അവരുടെ സ്വഭാവസവിശേഷതകൾ താരതമ്മ്യം ചെയ്യേണ്ടിയിരിക്കുന്നു. അതിൽ ഏതാനും ചിലതു താഴെ കൊടുക്കുന്നു:-

### 1.പ്രകൃതി

**ബൈബിൾ:** "ദൈവം ആത്മാവാണ്. അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരധിക്കേണ്ടത്" (യോഹന്നാൻ 4:24).

**ഖുർആൻ:** "ആകാശങ്ങളുടെയും ഭൂമിയുടെയും നിർമ്മതാവാണവൻ. അവന്ന് എങ്ങനെ ഒരു സന്താനമുണ്ടാകും? അവനൊരു കൂട്ടുകാരിയുമില്ലല്ലോ? എല്ലാ വസ്തുക്കളെയും അവൻ സൃഷ്ടിച്ചതാണ്. അവൻ എല്ലാകാര്യത്തെപ്പറ്റിയും അറിയുന്നവനുമാണ്"(സൂറ 6:101).

**അല്ലാഹുവിന് നിഴൽ ഉണ്ട്.**

Narrated Abu Huraira: The Prophet (p.b.u.h) said, **"Seven people will be shaded by Allah under His shade on the day when there will be no shade except His**..... (Sahih Al Bukhari,Book # 24, Hadith #504)

**അല്ലാഹുവിന് കൃത്യമായ ഉയരമുണ്ട്.**

Abu Huraira reported Allah's Messenger (may peace be upon him) as saying: **Allah, the Exalted and Glorious, created Adam in His own image with His length of sixty cubits**,..... *(Sahih Muslim, Book # 40, Hadith # 6809)*

**അല്ലാഹു ഒറ്റക്കണ്ണൻ അല്ല.**

Narrated Ubadah ibn as-Samit: The Prophet (peace_be_upon_him) said: I have told you so much about the Dajjal (Antichrist) that I am afraid you may not understand. The Antichrist is short, hen-toed, woolly-haired, one-eyed, an eye-sightless, and neither protruding nor deep-seated. If you are confused about him, **know that your Lord is not one-eyed.** (Sunan Abu- Dawud Book #37, Hadith #4306)

**അല്ലാഹുവിന് പല രൂപങ്ങൾ ഉണ്ട്.**

.......**Allah will come to them in a shape other than they know and will say, 'I am your Lord.'** They will say, 'We seek refuge with Allah from you. This is our place; (we will not follow you) till our Lord comes to us, and when our Lord comes to us, we will recognize Him. **Then Allah will come to then in a shape they know and will say, "I am your Lord.'** They will say, '(No doubt) You are our Lord,' and they will follow Him... (Sahih al-Bukhari 6573, In-book reference : Book 81, Hadith 161 USC-MSA web (English) reference : Vol. 8, Book 76, Hadith 577)

ബൈബിൾ ദൈവമായ കർത്താവിനെ അശരീരിയായി അവതരിപ്പിക്കുമ്പോൾ ഖുർആൻ അവതരിപ്പിക്കുന്നത് മാനുഷികമായ ശാരീരികപ്രകൃതിയോടുകൂടിയ അല്ലാഹുവിനെയാണ്. മാത്രവുമല്ല സർവ്വശക്തനായ അല്ലാഹുവിന് ഒരു കൂട്ടുകാരിയെ കൂടാതെ ഒരു പുത്രന് ജന്മം നൽകുവാൻ സാധ്യമല്ലെന്നും ഖുർആൻ പറയുന്നു.

**2. സ്വഭാവം**

**ബൈബിൾ:** "പ്രിയപ്പെട്ടവരേ, നമുക്കു പരസ്പരം സ്നേഹിക്കാം; എന്തെന്നാൽ, സ്നേഹം ദൈവത്തിൽ നിന്നുള്ളതാണ്. സ്നേഹിക്കുന്ന ഏവനും ദൈവത്തിൽനിന്നു ജനിച്ചവനാണ്; അവൻ ദൈവത്തെ അറികയും ചെയ്യുന്നു. 8 സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. കാരണം, ദൈവം സ്നേഹമാണ്" (1 യോഹന്നാൻ 4: 7-8).

**ഖുർആൻ:** അല്ലാഹുവിന് 99 പേരുകൾ ഉള്ളതായി ഖുർആൻ പറയുന്നു. എന്നാൽ അതിൽ **"സ്നേഹം" (الحب)** എന്ന പേരില്ല.

അല്ലാഹുവിന്റെ സൃഷ്ടിയായ മനുഷ്യൻ എല്ലാ സൽസ്വഭാവവും സ്വീകരിക്കുന്നത് അല്ലാഹുവിൽ നിന്നുമാണ്. അല്ലാഹു സ്നേഹമല്ലെങ്കിൽ അല്ലാഹുവിന്റെ സൃഷ്ടിയായ മനുഷ്യന് എങ്ങനെ സ്നേഹം ഉണ്ടാകും? സ്നേഹമില്ലെങ്കിൽ മനുഷ്യന് എങ്ങനെ ഈ ഭൂമിയിൽ സഹകരിച്ചു ജീവിക്കുവാൻ സാധിക്കും? മാത്രവുമല്ല "അല്ലാഹു സ്നേഹമാകുന്നു" **(الله هو الحب)** എന്നു പറയുന്നത് ഇസ്ലാം ദൈവദൂഷണമായി കരുതുകയും ചെയ്യുന്നു.

**3. അസ്ഥിത്വവും വ്യക്തിത്വവും**

**ബൈബിൾ:** " ഇസ്രയേലേ, കേൾക്കുക: നമ്മുടെ ദൈവമായ കർത്താവ് ഒരേ ഒരു കർത്താവാണ് (നിയമാവർത്തനം 6:4).

"എന്റെ സമീപം വന്ന് ഇതു കേൾക്കുക. ആദിമുതലേ ഞാൻ രഹസ്യമായല്ല സംസാരിച്ചത്. ഇവയെല്ലാം ഉണ്ടായപ്പോൾ **ഞാൻ** ഉണ്ട്. ഇപ്പോൾ **ദൈവമായ കർത്താവ്** എന്നെയും **അവിടുത്തെ ആത്മാവിനെയും** അയച്ചിരിക്കുന്നു" (ഏശയ്യാ 48:16).

"പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെമേൽ ഇറങ്ങി വന്നു. സ്വർഗത്തിൽനിന്ന് ഒരു സ്വരവും ഉണ്ടായി: നീ എന്റെ പ്രിയപുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (ലൂക്കാ 3:22)

ബൈബിൾ അവതരിപ്പിക്കുന്ന ഏക ദൈവം ത്രീത്വമാണെന്ന് മുകളിൽ കൊടുത്തിരിക്കുന്ന വാക്യങ്ങൾ വ്യക്തമാക്കുന്നു.

**ഖുർആൻ: *Surat 112.Al-'Ikhlāş (Innocent faith)* *سورة الإخلاص***

**قُلْ هُوَ اللَّهُ أَحَدٌ**

**اللَّهُ الصَّمَدُ**

**لَمْ يَلِدْ وَلَمْ يُولَدْ**

**وَلَمْ يَكُن لَّهُ كُفُوًا أَحَدٌ**

1. (നബിയേ) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു.
2. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു.
3. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടേയും സന്തതിയായി) ജനിച്ചിട്ടുമില്ല.
4. അവന്ന് തുല്ല്യനായി ആരും ഇല്ലതാനും.

ഇവിടെ 112:1-ൽ അല്ലാഹു ഏകനാകുന്നു എന്നതിന് ഉപയോഗിച്ചിരിക്കുന്ന അറബി വാക്ക് أَحَدٌ (അഹദുൻ) എന്നാണ്. ഈ പദം ഖുർആനിൽ 85 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. എല്ലായിടത്തും അനേകരിൽ ഒരുവൻ എന്ന അർത്ഥത്തിലാണ് ഈ പദം ഉപയോഗിച്ചിരിക്കുന്നത്. മാത്രവുമല്ല അല്ലാഹു ഏറ്റവും നല്ല സൃഷ്ടാവാണെന്ന് സൂറ 23:14 വ്യക്തമാക്കുന്നു. പിന്നെങ്ങനെയാണ് ആല്ലഹു ഏകനാകുന്നത്?

ഒരു മനുഷ്യന് സ്വയം സ്നേഹിക്കുവാൻ കഴിയുന്നത് ഏക വ്യക്തിയായ അവൻ ശാരീരികവും മാനസികവും ആത്മീയവുമായ മൂന്നു വ്യക്തിത്വങ്ങളുടെ കൂട്ടായ്മയായതുകൊണ്ടാണ്. “ദൈവം സ്നേഹമാണ്” എന്നു ബൈബിൾ പഠിപ്പിക്കുന്നു. അങ്ങനെയെങ്കിൽ ദൈവത്തിന് തന്റെ സത്തയിലും അസ്തിത്വത്തിലും സ്നേഹം അനുഭവിക്കുവാൻ സാധിക്കണം. അതിന് ദൈവത്തിൽ ഒന്നിലധികം വ്യക്തിത്വങ്ങൾ ഉണ്ടാകണം. അതുകൊണ്ട് അസ്തിത്വത്തിൽ ഏകനായ ദൈവം വ്യക്തിത്വത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മുന്നാളുകളുടെ കൂട്ടായ്മയാണെന്നും അതാണ് ദൈവത്വത്തിന്റെ പൂർണതയെന്നും ബൈബിൾ പഠിപ്പിക്കുന്നു. എന്നാൽ ഖുർആൻ ഈ നിലപാടിനെ പൂർണ്ണമായും എതിർക്കുകയും “മൂന്ന്” എന്ന് പറയുവാൻ പാടില്ലെന്ന് സൂറ(4:171)-ൽ പഠിപ്പിക്കുകയും ചെയ്യുന്നു. എങ്കിലും മുസ്ലിങ്ങൾ നമസ്കാരത്തിന് പള്ളിയിൽ പോകുമ്പോൾ ശുദ്ധീകരണ ക്രിയകൾ മൂന്ന് അവയവങ്ങളിൽ (മുഖം,കൈകൾ,കാലുകൾ) മൂന്നുപ്രാവശ്യം ആവർത്തിക്കുന്നു. അത് എന്തിനാണ് എന്നു ചോദിച്ചാൽ, പൂർണ്ണതയ്ക്കുവേണ്ടിയാണെന്ന് അവർ മറുപടി പറയും. അതുപോലെ ഖുർആൻ

ആരംഭിക്കുന്നത് **(بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ ; പരമാകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ)** അല്ലാഹുവിന്റെ മൂന്നു നാമങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ്. ഖുർആനിലെ 114 സൂറകളിൽ 113-ഉം ആരംഭിക്കുന്നതും ഇതേ മൂന്നു നാമങ്ങൾ ഉദ്ധരിച്ചുകൊണ്ടുതന്നെയാണ്. അല്ലാഹുവിന്റെ പൂർണത മൂന്നു നാമത്തിലാണെന്നതിന് ഇതിൽ കൂടുതൽ എന്ത് തെളിവാണ് വേണ്ടത്?

## 4. വെളിപാട്

**ബൈബിൾ:** " അവിടുന്നു തുടർന്നു: ഞാൻ നിന്റെ പിതാക്കന്മാരുടെ ദൈവമാണ്; അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോവിന്റെയും ദൈവം " (പുറപ്പാട് 3:6).

"ദൈവം മോശയോട് അരുളിച്ചെയ്തു: ഞാൻ ഞാൻ തന്നെ" (പുറപ്പാട് 3:14).

"അവിടുന്നു വീണ്ടും അരുളിച്ചെയ്തു: ഇസ്രായേൽ മക്കളോടു നീ പറയുക: നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവ് അബ്രഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോവിന്റെയും ദൈവം, എന്നെ നിങ്ങളുടെയടുത്തേക്ക് അയച്ചിരിക്കുന്നു. ഇതാണ് എന്നേക്കും എന്റെ നാമധേയം. അങ്ങനെ സർവ പുരുഷാന്തരങ്ങളിലൂടെയും ഈ നാമധേയത്താൽ ഞാൻ അനുസ്മരിക്കപ്പെടണം" (പുറപ്പാട് 3:15).

**ഖുർആൻ:**

**إِنَّنِي أَنَا اللَّهُ لَا إِلَٰهَ إِلَّا أَنَا فَاعْبُدْنِي وَأَقِمِ الصَّلَاةَ لِذِكْرِي**

"തീർച്ചയായും ഞാനാകുന്നു അല്ലാഹു. ഞാനല്ലാതെ ഒരു ദൈവവുമില്ല. അതിനാൽ എന്നെ നീ ആരാധിക്കുകയും, എന്നെ ഓർമിക്കുന്നതിനായി നമസ്കാരം മുറപോലെ നിര്വഹിക്കുകയും ചെയ്യുക" (സൂറ 20:14).

**يَا مُوسَىٰ إِنَّهُ أَنَا اللَّهُ الْعَزِيزُ الْحَكِيمُ**

"ഹേ; മൂസാ, തീർച്ചയായും പ്രതാപിയും യുക്തിമാനുമായ അല്ലാഹുവാണ് ഞാൻ" (സൂറ 27:9)

**يَا مُوسَىٰ إِنِّي أَنَا اللَّهُ رَبُّ الْعَالَمِينَ**

"ഹേ; മൂസാ, തീർച്ചയായും ഞാനാകുന്നു ലോകരക്ഷിതാവായ അല്ലാഹു" (സൂറ 28:30

ദൈവമായ കർത്താവ് അഥവാ ബൈബിളിലെ അല്ലാഹു മോശയ്ക്ക് വെളിപ്പെടുത്തുന്ന സംഭവമാണ് പുറപ്പാട് 3-ൽ കൊടുത്തിരിക്കുന്നത്. അതേ സംഭവം ഖുർആനിൽ മൂന്ന് സൂറകളിൽ കൊടുത്തിരിക്കുന്നു. അതിൽ ഒന്നുപോലും ബൈബിളിൽ കൊടുത്തിരിക്കുന്നതുമായി സാമ്യമില്ല. അവ തമ്മിലും സാമ്യമില്ല. ബൈബിളിലെയും ഖുർആനിലെയും അല്ലാഹു ഒരേ ദൈവം എങ്കിൽ മോശയോട് ബൈബിളിൽ പറഞ്ഞതും ഖുർആനിൽ പറഞ്ഞതുമായി എന്തുകൊണ്ട് ഇത്രവലിയ വ്യത്യാസം? ഖുർആൻനിൽ (20:14; 28:30) ആയത്തുകളിൽ (വാക്യങ്ങൾ) മാത്രമാണു "ഞാൻ അല്ലാഹു ആകുന്നു" (أَنَا اللَّه) എന്നു അല്ലാഹു പറയുന്നതായി കാണുവാൻ സാധിക്കുന്നത്. ഈ ആയത്തുകൾ രണ്ടും അല്ലാഹു മോശയോട് സംസാരിച്ചതാണ്.

പഴയനിയമത്തിലെ എല്ലാ പ്രവാചകന്മാരെയും ദൈവം നേരിട്ട് വിളിച്ച് വേർതിരിക്കുകയും അവർക്ക് തങ്ങളുടെ ദൌത്യം ഏല്പിച്ചുകൊടുക്കുകയും ചെയ്തു. മോശയോട് ദൈവം ഒരു സ്നേഹിതനോടെന്നപോലെ സംസാരിച്ചിരുന്നു (പുറപ്പാട് 33:11). പ്രവാചകത്വത്തിന്റെ പൂർണതയും മുദ്രയുമായ (33:40) മുഹമ്മദിനോട് ഒരിക്കൽ പോലും ഖുർആനിലെ അല്ലാഹു നേരിട്ട് സംസാരിച്ചിട്ടില്ല. മുഹമ്മദ് അല്ലാഹുവിനെ കണ്ടിട്ടുമില്ല.

**5. വിശുദ്ധി**

**ബൈബിൾ:** "കർത്താവ് മോശയോട് അരുളിച്ചെയ്തു: ഇസ്രയേൽ സമൂഹത്തോടു പറയുക, നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ. എന്തെന്നാൽ നിങ്ങളുടെ ദൈവവും കർത്താവുമായ ഞാൻ പരിശുദ്ധനാണ്" (ലേവ്യർ 19:1-2).

"സൈന്യങ്ങളുടെ കർത്താവ് നീതിയിൽ ഉയർന്നു നിൽക്കുന്നു. പരിശുദ്ധനായ ദൈവം നീതിനിഷ്ഠയിലൂടെ തന്റെ പരിശുദ്ധി വെളിപ്പെടുത്തുന്നു" (ഏശയ്യാ 5:16).

**ഖുർആൻ:** "താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവാനുമായ അല്ലാഹുവാണവൻ. രാജധികാരമുള്ളവനും പരമപരിശുദ്ധനും സമാധാനം നൽകുന്നവനും .... ആകുന്നു അവൻ (സൂറ 59:23).

**مَا كَانَ لِلَّهِ أَن يَتَّخِذَ مِن وَلَدٍ ۖ سُبْحَانَهُ ۚ**

"ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് അല്ലാഹുവിന്നുണ്ടാകാവുന്നതല്ല. അവൻ എത്ര പരിശുദ്ധൻ" (സൂറ 19:35).

**وَمَا يَنبَغِي لِلرَّحْمَٰنِ أَن يَتَّخِذَ وَلَدًا**

"സന്താനത്തെ സ്വീകരിക്കുക എന്നത് പരമകാരുണികന് അനുയോജ്ജ്യമാവുകയില്ല (സൂറ19:92).

ബൈബിളിൽ ദൈവമായ കർത്താവ് താൻ വിശുദ്ധനാണെന്ന് പ്രഖ്യാപിക്കുകയും തന്റെ നീതി നിഷ്ഠയിലൂടെയാണ് താൻ വിശുദ്ധനായിരിക്കുന്നതെന്ന് വെളിപ്പെടുത്തുകയും ചെയ്യുമ്പോൾ ഖുർആനിൽ അല്ലാഹു പരിശുദ്ധനാണെന്ന് ആരോപിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. സന്താനം ഉണ്ടാകുന്നത് അല്ലാഹുവിന്റെ വിശുദ്ധിക്ക് തടസ്സമാണെങ്കിൽ മക്കളുള്ള മുസ്ലിംങ്ങൾ എങ്ങനെ വിശുദ്ധ ജീവിതം നയിക്കും?

**6. പാപമോചനം**

**ബൈബിൾ:** "കർത്താവ് അരുളിച്ചെയ്യുന്നു: വരുവിൻ, നമുക്കു രമ്യതപ്പെടാം. നിങ്ങളുടെ പാപങ്ങൾ കടും ചെമപ്പാണെങ്കിലും അവ മഞ്ഞുപോലെ വെണ്മയുള്ളതായിത്തീരും. അവ രക്തവർണമെങ്കിലും കമ്പിളിപോലെ വെളുക്കും" (ഏശയ്യാ1:18).

“എന്നെപ്രതി നിന്റെ തെറ്റുകൾ തുടച്ചുമാറ്റുന്ന ദൈവം ഞാൻ തന്നെ; നിന്റെ പാപങ്ങൾ ഞാൻ ഓർക്കുകയില്ല” (ഏശയ്യാ 43:25).

“അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം” (മത്തായി 11:28-29).

**ഖുർആൻ:** “അവിശ്വസിക്കുകയും, അന്യായം പ്രവർത്തിക്കുകയും ചെയ്തവരാരോ അവർക്ക് അല്ലാഹു പൊറുത്തുകൊടുക്കുന്നതല്ല. നരകത്തിന്റെ മാർഗത്തിലേക്കല്ലാതെ മറ്റൊരു മാർഗത്തിലേക്കും അവൻ അവരെ നയിക്കുന്നതുമല്ല. എന്നെന്നേക്കുമായി അവരതിൽ സ്ഥിരവാസികളായിരിക്കും. അല്ലാഹുവിന് അത് എളുപ്പമുള്ള കാര്യമാകുന്നു” (സൂറ 4:168-169).

മനുഷ്യന്റെ പാപങ്ങൾ എത്ര കഠിനമാണെങ്കിലും അതിൽ നിന്നും മോചനം നൽകി അവനെ രക്ഷയിലേയ്ക്ക് നയിക്കുവാൻ ബൈബിളിലെ ദൈവമായ കർത്താവ് ശ്രമിക്കുമ്പോൾ ഖുർആനിലെ അല്ലാഹു പാപത്തിൽ അകപ്പെട്ടുപോയ മനുഷ്യനെ നിത്യനരകാഗ്നിയിലേക്ക് തള്ളിവിടുന്നു.

**ബൈബിൾ:** “....ആരും നശിച്ചുപോകാതെ എല്ലാവരും അനുതപിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നതുകൊണ്ട്, നിങ്ങളോടു ക്ഷമ കാണിക്കുന്നുവെന്നേയുള്ളൂ (2പത്രോസ് 3:9).

“ഇതുപോലെ, ഈ ചെറിയവരിൽ ഒരുവൻ പോലും നശിച്ചുപോകുവാൻ എന്റെ സ്വർഗസ്ഥനായ പിതാവ് ഇഷ്ടപ്പെടുന്നില്ല” (മത്തായി 18:14).

**ഖുർആൻ:**

**وَإِن مِّنكُمْ إِلَّا وَارِدُهَا ۚ كَانَ عَلَىٰ رَبِّكَ حَتْمًا مَّقْضِيًّا**

And decidedly not one of you (there is), except that he will go (herded) down to it; that, for your Lord, has been a thing decreed, a must (Surah19:71, Dr. Ghali).

**ثُمَّ نُنَجِّي الَّذِينَ اتَّقَوا وَّنَذَرُ الظَّالِمِينَ فِيهَا جِثِيًّا**

“പിന്നിട് ധര്മ്മനിസ്ഠപാലിച്ചവരെ നാം രക്ഷപ്പെടുത്തുകയും, അക്രമികളെ മുട്ടുകുത്തിയവരായിക്കൊണ്ട് നാം അതിൽ വിട്ടേക്കുകയും ചെയ്യുന്നതാണ്” (സൂറ 19:72).

എല്ലാവരും രക്ഷപെടണമെന്ന് ബൈബിളിലെ ദൈവമായ കർത്താവ് ആഗ്രഹിക്കുമ്പോൾ എല്ലാവരും നരകാഗ്നിയിൽ നിപതിക്കണമെന്നും അതിനുശേഷം ധർമ്മനിഷ്ഠപാലിച്ചവരെ രക്ഷ്പെടുത്തുമെന്നും ഖുർആനിലെ അല്ലാഹു കല്പിക്കുന്നു.

## 8. ലക്ഷ്യം

**ബൈബിൾ:** “ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്തു നിങ്ങളും ആയിരിക്കേണ്ടതിനു ഞാൻ വീണ്ടും വന്ന് നിങ്ങളേയും കൂട്ടിക്കൊണ്ടുപോകും” (യോഹന്നാൻ 14:3).

“അനന്തരം രാജാവ് തന്റെ വലത്തുഭാഗത്തുള്ളവരോട് അരുളിച്ചെയ്യും: എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ”(മത്തായി 25:34).

**ഖുർആൻ:** “നിന്റെ രക്ഷിതാവ് കരുണ ചെയ്തവരൊഴികെ. അതിനുവേണ്ടിയാണ് അവൻ അവരെ സൃഷ്ടിച്ചത്. ജിന്നുകൾ, മനുഷ്യർ എന്നി രണ്ടു വിഭാഗത്തെയും കൊണ്ട് ഞാൻ നരകം നിറക്കുക തന്നെ ചെയ്യുന്നതാണ് എന്ന നിന്റെ രക്ഷിതാവിന്റെ വചനം നിറവേറിയിരിക്കുന്നു” (സൂറ 11:119).

“നാം ഉദ്ദേശിച്ചിരുന്നെങ്കിൽ ഓരോ ആൾക്കും തന്റെ സന്മാർഗം നാം നൽകുമായിരുന്നു. എന്നാൽ ജിന്നുകൾ, മനുഷ്യർ എന്നീ രണ്ടുവിഭാഗത്തെയും കൊണ്ട് ഞാൻ നരകം നിറക്കുക തെന്നെ ചെയ്യും എന്ന എന്റെ പക്കൽ നിന്നുള്ള വാക്ക് സ്ഥിരപ്പെട്ടു കഴിഞ്ഞിരിക്കുന്നു (സൂറ 32:13).

മനുഷ്യന് സ്വർഗ്ഗം അവകാശമായി നൽകുന്ന ബൈബിളിലെ ദൈവമായ കർത്താവ് ഒരു വശത്തും മറുവശത്ത് മുഷ്യനെക്കൊണ്ട് നരകം നിറയ്ക്കുവാൻ ആഗ്രഹിക്കുന്ന ഖുർആനിലെ അല്ലാഹുവും.

## ഉപസംഹാരം

ബൈബിളിലെ ദൈവമായ കർത്താവും ഖുർആനിലെ അല്ലാഹു തമ്മിൽ ഇനിയും വളരെയധികം താരതമ്മ്യം നടത്താവുന്നതാണ്. മുകളിൽ കൊടുത്തിരിക്കുന്ന താരതമ്മ്യങ്ങളിൽ നിന്നുതന്നെ ബൈബിൾ അവതരിപ്പിക്കുന്ന പ്രപഞ്ചസൃഷ്ടാവായ ദൈവമായ കർത്താവിനു വിപരീതമായ ശക്തിയാണ് ഖുർആൻ അവതരിപ്പിക്കുന്ന അല്ലാഹുവെന്നു വ്യക്തം. ഖുർആനിൽ 2699 ആയത്തുകളിൽ അല്ലാഹു എന്ന പദം കാണുവാൻ കഴിയും എന്നാൽ “ഞാൻ ദൈവമായ അല്ലാഹുവാകുന്നു” എന്നൊരു വാക്യം ഖുർആനിൽ കാണുകയില്ല. “അവിടുന്നു പറഞ്ഞു: അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്നു നിന്നെ മോചിപ്പിച്ചുകൊണ്ടുവന്ന നിന്റെ ദൈവമായ കർത്താവു ഞാനാണ്. ഞാനല്ലാതെ മറ്റൊരുദൈവം നിനക്കുണ്ടാകരുത്” (നിയമാവർത്തനം 5:6-7) എന്ന് ദൈവം നേരിട്ട് നമ്മോടു സംസാരിക്കുന്നു. അറബി ബൈബിളിലും ഖുർആനിലും സൃഷ്ടാവിനെ അല്ലാഹു എന്ന വാക്കുകൊണ്ട് സംബോധന ചെയ്യുന്നെങ്കിലും അവരുടെ സ്വഭാവസവിശേഷതകൾ പരസ്പര വിരുദ്ധമാണ്.

“അല്ലാഹു” എന്ന വാക്ക് ഉപയോഗിയ്ക്കുന്ന അറബി ക്രിസ്ത്യാനികൾക്ക് അത് ദൈവമായ കർത്താവാണെന്ന് വ്യക്തമായ് അറിയാം. ഈ തിരിച്ചറിവില്ലാത്തവരും അതുപോലെയുള്ളവരോട് സംസാരിക്കുന്നവരും അല്ലാഹു എന്ന പദം ഒഴിവാക്കുന്നതായിരിക്കും നല്ലത്. മലയാളികളെ സംബന്ധിച്ചിടത്തോളം **“ദൈവമായ കർത്താവ്”** എന്ന പ്രയോഗമാണ് ഏറ്റവും ഉചിതമായത്.